**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1238** **19-06-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര നിയോജകമണ്ഡലത്തിലെ കൊല്ലം - തേനി ദേശീയ പാതയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം - തേനി ദേശീയപാതയുടെ വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | Two Lane With Paved Shoulder Configuration ൽ കൊല്ലം - തേനി ദേശീയപാതയുടെ വീതി കൂട്ടി വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കി വരുന്നു.കൊല്ലം ഹൈസ്കൂൾ ജംഗ്ഷൻ മുതൽ ചെങ്ങന്നൂർ ആഞ്ഞിലിമൂട് വരെയുള്ള ദേശീയപാതയിൽ 12 മീറ്റർ ടാറിങ്ങും built up ഏരിയായിൽ ഇരു വശങ്ങളിൽ ഓടയും ഫുട്ട്പാത്തും നിർമ്മിക്കുവാനുള്ള നിർദ്ദേശവും ഉൾപ്പെട്ട alignment കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ DPR അന്തിമഘട്ടത്തിലാണ്. മാവേലിക്കര മണ്ഡലത്തിൽ ആനയടി വഞ്ചിമുക്ക് (Ch. 37/100) മുതൽ കൊല്ലക്കടവ് (Ch. 52/500) വരെയുള്ള ഭാഗം ഈ ഡി.പി.ആർ-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Bus bay -കളും പ്രധാന ജംഗ്ഷനുകളുടെ വികസനവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കൊല്ലകടവ് പാലത്തിന്റെ ഒരു വശത്ത് പുതിയ പാലം നിർമ്മിക്കുവാൻ ഡി.പി.ആർ -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. DPR ന് അംഗീകാരം ലഭിക്കേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത ദേശീയപാത കടന്ന് പോകുന്ന മാവേലിക്കര നിയോജകമണ്ഡല പ്രദേശത്തെ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | ഈ പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | അംഗീകരിച്ച alignment പ്രകാരം സ്ഥലമേറ്റെടുപ്പിനായി CALA 3(a) നോട്ടിഫിക്കേഷൻ ചെയ്തിട്ടുണ്ട്. 3(A) - നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ